ശ്രീ. ഭാനുവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിന്റെ അന്വേഷണം

44 (5954) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാറ്റൂർ, പുലിമേൽ മോളി ഭവനത്തിൽ ശ്രീ. ഭാനുവിനെ മാരകമായി ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സിൽ ആക്രമിക്കപ്പെട്ട ശ്രീ. ഭാനുവിന്റെ പേര് ഒഴിവാക്കി ആക്രമിക്കപ്പെട്ടത് ഇദ്ദേഹത്തിന്റെ ഭാര്യ ആണെന്ന് കോടതിയിൽ റിപ്പോർട്ട് ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കൊലപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ തലയ്ക്ക് മാരകമായി പരിക്കേൽപ്പിച്ച് കടന്നുകളഞ്ഞ, പ്രതികളെ ഒഴിവാക്കിയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പോലീസിന്റെ ഭാഗത്തുനിന്നുള്ള ഇപ്രകാരമുള്ള പെരുമാറ്റം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും പ്രസ്തുത കേസ്സിൽ സംഭവിച്ച പാകപ്പിഴകൾ തിരുത്തി യഥാർത്ഥ പ്രതികളെ വെളിച്ചത്ത് കൊണ്ടു വരുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ടി. പി. നന്ദകുമാറിനെതിരെ എടുത്ത കേസുകൾ പിൻവലിച്ച് പിടിച്ചെടുത്ത ഉപകരണങ്ങൾ നൽകാൻ നടപടി

45 (5955) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ചീഫ് എഡിറ്റർ ടി.പി. നന്ദകുമാറിനെ 3-7-2010-ൽ സൈബർ ക്രൈം പോലീസ് അറസ്റ്റു ചെയ്ത് ഇയാളുടെ പേരിൽ ഏതൊക്കെ വകുപ്പ് പ്രകാരമാണ് കേസ്സെടുത്തത് ; നന്ദകുമാറിനെതിരെ പരാതി നൽകിയതാരാണ് ; എന്നാണ് പ്രസ്തുത പരാതി ലഭിച്ചതെന്നും വ്യക്തമാക്കുമോ ; ഇയാൾക്കെതിരെ കോടതിയിൽ പരാതി നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ഏതു കോടതിയിൽ എത്രാം നമ്പർ കേസ്സായാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly